## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1791** **06.07.2015 ന് മറുപടിയ്ക്ക്**

## മദ്യത്തിൽനിന്നുള്ള വരുമാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യത്തിൽ നിന്നുള്ള വരുമാനവർദ്ധന എത്ര കോടി രൂപയാണ് എന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മദ്യത്തിൽ നിന്നുള്ള എക്സൈസ് റവന്യൂ വരുമാനം സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു:- |

| വർഷം | തുക (കോടിയിൽ) | മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് വർദ്ധനവ്/കുറവ് |
|---|---|---|
| 2011 -12 | 1888.88 | (+)184.19 |
| 2012 -13 | 2249.75 | (+)360.87 |
| 2013 -14 | 1931.89 | (-) 317.86 |
| 2014 -15 | 1778.07 | (-)153.82 |
| 2015 മെയ് 30 വരെ | 359.43 | |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) ബാറുകൾ അടച്ചതിനുശേഷം മദ്യത്തിൽ നിന്നുള്ള വരുമാനത്തിൽ എത്ര കോടി രൂപയുടെ കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന 710 ബാറുകൾ (എഫ്.എൽ.3 ഷോപ്പുകൾ) നിർത്തലാക്കിയതുമൂലം ലൈസൻസ് ഫീസിനത്തിൽ കിട്ടേണ്ട തുകയിൽ കുറവ് വന്നിട്ടുണ്ട്. കൂടാതെ മദ്യ ഉപഭോഗത്തിൽ കുറവു വന്നിട്ടുള്ളതിനാൽ ഈ മേഖലയിൽ നിന്നും എക്സൈസ് ഡ്യൂട്ടി തുടങ്ങിയ ഇനങ്ങളിൽ ലഭിക്കേണ്ട വരുമാനത്തിൽ സാരമായ കുറവു വരുവാൻ സാദ്ധ്യതയുണ്ട്. ഇതു സംബന്ധിച്ച വരുമാനക്കുറവ് പൂർണ്ണമായും കണക്കാക്കപ്പെട്ടിട്ടില്ല. എന്നാൽ ബാറുകൾ അടച്ചതിനുശേഷം കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴി 2015 മെയ് മാസം വരെ നടന്ന മദ്യവിൽപ്പനയിൽ നിന്നുള്ള |

വരുമാനത്തിൽ കുറവുണ്ടായിട്ടില്ല. 2015-16 ലെ മാസവില്പന 2014-15 ഉം ആയി താരതമ്യം ചെയ്ത് ചുവടെ ചേർക്കുന്നു.

| മാസം | 2015-16 | 2014-15 |
|---|---|---|
| ഏപ്രിൽ | 992.90 | 880.81 |
| മെയ് | 1006.15 | 899.71 |
| ആകെ | 1999.05 | 1780.52 |

സെക്ഷൻ ഓഫീസർ